"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി രണ്ടാം ഘട്ടം - 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനു തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.145/2025/LSGD തീയതി,തിരുവനന്തപുരം, 16-01-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.297/2023/തസ്വഭവ തീയതി 02.02.2023
2. സ.ഉ.(സാധാ) നം. 1039/2023/തസ്വഭവ തീയതി 15.05.2023
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03/12/2024 ലെ തസ്വഭവ/പിഡി/30604/2024-എസ് പി എം സി1 നമ്പർ കത്ത്.

**ഉത്തരവ്**

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിപുലീകരിച്ച് നടപ്പാക്കുന്നതിനായി പരാമർശം 1, 2 എന്നിവ പ്രകാരം മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ രണ്ടാംഘട്ട പ്രഖ്യാപനം 2025 മേയ് മാസം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി അതിദരിദ്ര പട്ടികയിലുൾപ്പെട്ട ഭൂമിയും വീടും ആവശ്യമുള്ളതും, ലൈഫ് ഭവന പദ്ധതിയിലുൾപ്പെട്ടവരുമായ 5360 പേർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനായി ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലും 'മനസ്സോടിത്തിരി മണ്ണ്' ക്യാംമ്പയിൻ സംഘടിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം നിർദ്ദേശം സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിലും അതിദരിദ്ര പട്ടികയിലും ഉൾപെട്ട അതിദരിദ്ര വിഭാഗത്തിൽപ്പെട്ട 5360 പേർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനായി 2025 ജനുവരി മാസത്തിൽ കൂടുതൽ ഭൂമി കൈവശമുള്ള ഭൂ-ഉടമകളെ പ്രത്യേക ക്ഷണിതാക്കളാക്കി കൊണ്ട് ചുവടെ പറയും പ്രകാരം 'മനസ്സോടിത്തിരി മണ്ണ്'

ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനു തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i.ജില്ലാടിസ്ഥാനത്തിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ അധ്യക്ഷതയിൽ ജില്ലാ കളക്ടർ കോർഡിനേറ്ററായി ബന്ധപെട്ട എംഎൽഎ മാരെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെയും പങ്കെടുപ്പിക്കേണ്ടതാണ്.

ii.തദ്ദേശ സ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപന പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ബന്ധപെട്ട എംഎൽഎ മാരെ പങ്കെടുപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 16-01-2025 14:43:30
സെക്ഷൻ ഓഫീസർ